(1)	(2)	(3)	(4)	(5)	(6)	(7)
അതിക്രമം തടയൽ	1.56	0.20	0.25	2.00	0.06	4.07
ഭാരതദർശൻ	...	0.30	0.34	0.29	0.29	1.22
പ്രാക്തനഗോത്ര വർഗ്ഗ വികസനം	3.60	...	...	...	...	3.60
ഗ്രാന്റ് ഇൻ എയ്ഡ് അണ്ടർ ആർട്ടിക്കിൾ 275 (1)	...	...	...	18.75	...	18.75
സൊസൈറ്റികളുടെ നവീകരണം	...	...	...	5.00	...	5.00
കോർപ്പസ് ഫണ്ട്	18.22	277.00	20.81	22.67	2.23	340.93
എസ്.സി.എ.ടു ടിഎസ്.പി.	3.00	4.00	8.00	12.00	11.29	38.29

(ബി) മേൽപ്പറഞ്ഞ പദ്ധതികളിൽ പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതികൾ കുന്ദമംഗലം നിയോജക മണ്ഡലത്തിലും നടപ്പാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ വിദ്യാഭ്യാസാനുകൂല്യങ്ങൾ കുന്ദമംഗലം നിയോജക മണ്ഡലത്തിലെ നിലവിലുള്ള സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ കുന്ദമംഗലം അസംബ്ലി നിയോജക മണ്ഡലത്തിൽ ആദിവാസി കുടുംബങ്ങൾ താമസിക്കുന്നില്ല.

പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിലെ നിയമനം

108(2360) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിലെ ജീവനക്കാരുടെ നിയമനത്തിന് നിലവിലുള്ള വ്യവസ്ഥകൾ വിശദമാക്കാമോ ;

(ബി) നിയമനങ്ങളിൽ സംവരണം പാലിക്കുന്നതിനുള്ള വ്യവസ്ഥകൾ വ്യക്തമാക്കാമോ ;

(സി) നിലവിൽ എത്ര ജീവനക്കാരാണ് എല്ലാ വിഭാഗങ്ങളിലുമായി കോർപ്പറേഷനിൽ ജോലി നോക്കുന്നത് ; കാറ്റഗറി തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; ഇവരിൽ പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക വിഭാഗങ്ങളിൽ പെട്ടവരുടെ പേരുവിവരം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2006-07 മുതൽ ഇന്നേവരെ എത്ര ജീവനക്കാരെ കോർപ്പറേഷനിൽ നിയമിച്ചിട്ടുണ്ട് ; ഏത് ഏജൻസി മുഖേന ഏതു വിധത്തിലാണ് നിയമനം നടത്തിയതെന്ന് വ്യക്തമാക്കാമോ ;

(ഇ) അതിൽ പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക വിഭാഗത്തിൽപ്പെട്ട എത്ര പേർ ഉൾപ്പെടുന്നു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിലെ നിയമനം പി.എസ്.സി-ക്ക് വിടാത്ത സാഹചര്യത്തിൽ നിലവിലുള്ള സ്പെഷ്യൽ റൂൾസിന്റെ (ജി.ഒ.(എംഎസ്.)നമ്പർ 89/99/പജപവിവ. തീയതി 29-9-1999) അടിസ്ഥാനത്തിൽ കേരള സർക്കാരിന്റെ അനുമതിയോടെ സർക്കാർ സ്ഥാപനങ്ങളായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോപ്പറേറ്റീവ് മാനേജ്മെന്റ് എന്നിവ മുഖേന എഴുത്തു പരീക്ഷയും അഭിമുഖവും നടത്തിയാണ് സ്ഥിരം ജീവനക്കാരെ നിയമിച്ചിട്ടുള്ളത്.

(ബി) KS & SSR Part II Rules 14-17 വരെയുള്ള വ്യവസ്ഥകൾ പ്രകാരം.

(സി)

സ്ഥിരജീവനക്കാർ	-	118
ഡെപ്യൂട്ടേഷൻ	-	24
കരാർ നിയമനം	-	19
ദിവസ വേതനക്കാർ	-	53
പുനർനിയമനം	-	1

ഉൾപ്പെടെ കോർപ്പറേഷനിൽ ആകെ 215 ജീവനക്കാർ നിലവിൽ ജോലി നോക്കുന്നു. ലിസ്റ്റ് അനുബന്ധം I ആയി ചേർക്കുന്നു.*

(ഡി) 2006-07 മുതൽ ഒരു സ്ഥിര നിയമനം നടത്തിയിട്ടുണ്ട്. 25-11-2005-ലെ ജി.ഒ.(പി) 501/2005/ഫിൻ നമ്പരായുള്ള ഗവൺമെന്റ് ഉത്തരവ് പ്രകാരം 18-6-2001-നു മുമ്പ് കാഷ്വൽ സ്വീപ്പർമാരായി ജോലി നോക്കുന്ന ജീവനക്കാരെ ഓഫീസ് വിസ്തീർണ്ണം 100 sq.mtr. അധികമുണ്ടെങ്കിൽ പുതിയ തസ്തിക സൃഷ്ടിച്ച് സ്ഥിര നിയമനം നൽകാമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. കോർപ്പറേഷന്റെ വയനാട് ജില്ലാ ഓഫീസിൽ 147.43 sq.mtr. സ്വീപ്പിംഗ് ഏരിയ ഉള്ളതിനാൽ ഈ ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സർക്കാർ ഉത്തരവ് ജി.ഒ.(സാധാ) 46/01/പജപ വവിവ. തീയതി 29-1-2001 പ്രകാരം അനുവദിക്കപ്പെട്ടിട്ടുണ്ട്.

അതുകൊണ്ട് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ വയനാട് ജില്ലാ ഓഫീസിൽ ദിവസ വേതനത്തിൽ പാർട്ട് ടൈം സ്വീപ്പർ ആയി ജോലി നോക്കിയിരുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ശ്രീമതി ഒ. സി. രാധയ്ക്ക് 26-9-2008-ലെ 107-ാമത് ഡയറക്ടർ ബോർഡ് യോഗ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

തീരുമാന പ്രകാരം സ്ഥിരനിയമനം നൽകുകയുണ്ടായി. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 51 പേരെയും കരാർ അടിസ്ഥാനത്തിൽ 32 പേരെയും ദിവസവേതനാടിസ്ഥാനത്തിൽ 79 പേരെയും നിയമിക്കുകയുണ്ടായി. വിശദമായ ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം-II) കോർപ്പറേഷന്റെ വാർഷിക കണക്കെഴുത്ത് പൂർത്തീകരിക്കുന്നതിലേയ്ക്കായി പത്രപരസ്യം നൽകി എഴുത്തു പരീക്ഷയുടേയും അഭിമുഖത്തിന്റേയും അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നതുവരെ ഒരു വർഷത്തേയ്ക്കാണ് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നത്. കോർപ്പറേഷന്റെ ദൈനംദിന ജോലികൾ ചെയ്യുന്നതിലേക്കായി അത്യാവശ്യ ഘട്ടങ്ങളിൽ ദിവസവേതനക്കാരെ നിയമിക്കുകയും ജോലികൾ പൂർത്തിയാകുന്ന മുറയ്ക്ക് അവരുടെ സേവനം അവസാനിപ്പിക്കാറുമുണ്ട്.

(ഇ) സ്ഥിര നിയമനം നടത്തിയത് ഒരു പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വനിതയെയാണ്.

വിദ്യാർത്ഥികൾക്ക് പിന്നോക്ക സമുദായ ക്ഷേമവകുപ്പു മുഖേന നൽകുന്ന ആനുകൂല്യങ്ങൾ

109(2361) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പിന്നോക്കസമുദായങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പിന്നോക്ക സമുദായക്ഷേമവകുപ്പു മുഖേന നൽകുന്ന ആനുകൂല്യങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകാനായി ഓരോ വർഷവും എത്ര തുക നീക്കിവച്ചു എന്നും അതിൽ എത്ര തുക വീതം ചെലവിട്ടുവെന്നും വെളിപ്പെടുത്തുമോ ;

(സി) ഇതുമുഖേന ഓരോ വർഷവും എത്ര കുട്ടികൾക്കുവീതം പ്രയോജനം ലഭിച്ചു ; വിശദമാക്കുമോ ?

ഉത്തരം

(എ) പിന്നോക്ക സമുദായക്ഷേമ വകുപ്പ് ഇതേവരെ രൂപീകരിച്ചിട്ടില്ല. പട്ടികജാതി വികസന വകുപ്പ് മുഖേന നൽകി വരുന്ന ആനുകൂല്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. +1, +2 കോഴ്സുകൾക്ക് പഠിക്കുന്ന 44,500 രൂപ വരെ വാർഷിക വരുമാന പരിധിയുള്ള മറ്റ് പിന്നോക്ക വിഭാഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും എല്ലാവിധ ഫീസാനുകൂല്യങ്ങളും നൽകി വരുന്നു. ഡിഗ്രി തലത്തിൽ പഠിക്കുന്ന 25,000 രൂപ വരെ വാർഷിക വരുമാന പരിധിയുള്ളവർക്ക് മുഴുവൻ ഫീസാനുകൂല്യങ്ങളും നൽകി വരുന്നു. പി.ജി./ പ്രൊഫഷണൽ/പോളിടെക്നിക് കോഴ്സുകൾക്ക് പഠിക്കുന്ന 42,000 രൂപ വരെ വാർഷിക വരുമാന പരിധിയുള്ള മറ്റ് പിന്നോക്ക വിഭാഗ വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, മുഴുവൻ ഫീസാനുകൂല്യം എന്നിവ നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly